**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1591** **31-08-2022 - ൽ മറുപടിയ്ക്ക്**

**പച്ചത്തേങ്ങയുടെ സംഭരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. സണ്ണി ജോസഫ് ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 2011-16 ലെ സർക്കാർ തുടക്കം കുറിച്ച പച്ചത്തേങ്ങയുടെ സംഭരണം നിർത്തലാക്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | പഞ്ചായത്തുകളിലെ തെങ്ങ് കൃഷി അടിസ്ഥാനമാക്കിയാണോ പച്ചത്തേങ്ങയുടെ സംഭരണത്തിന് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പച്ചത്തേങ്ങയുടെ സംഭരണത്തിന് നിലവിലുള്ള സംവിധാനത്തെക്കുറിച്ച് വിശദമാക്കാമോ; | (ബി) | അല്ല. സംസ്ഥാനത്ത് നാളികേരത്തിന്റെ വില സംഭരണ വിലയേക്കാൾ കുറഞ്ഞ ജില്ലകളിലാണ് നിലവിൽ പച്ചത്തേങ്ങ സംഭരണം നടന്നുവരുന്നത്. സംസ്ഥാനത്ത് നാളികേരത്തിന്റെ വിലത്തകർച്ച പരിഹരിക്കുന്നതിന് പച്ചതേങ്ങയുടെ സംഭരണ വില കിലോഗ്രാമിന് 32/- രൂപയായി സർക്കാർ നിശ്ചയിച്ച് കേരഫെഡിനെയും സംസ്ഥാന നാളികേര വികസന കോർപ്പറേഷനെയും പച്ചത്തേങ്ങാ സംഭരണ ഏജൻസികളായി ചുമതലപ്പെടുത്തിയാണ് പച്ചത്തേങ്ങ സംഭരണം പുനരാരംഭിച്ചിട്ടുള്ളത്.<br><br>ആദ്യഘട്ടത്തിൽ, പച്ചത്തേങ്ങ സംഭരണം തിരുവനന്തപുരത്തുള്ള ആനയറ സ്റ്റോക്ക് പോയിന്റ്, കരുനാഗപ്പള്ളി കേരഫെഡ് ഫാക്ടറി, തൃശ്ശൂർ പൂച്ചനിപ്പാടത്തുള്ള സെയിൽ പോയിന്റ്, കോഴിക്കോട് നടുവണ്ണൂരിലുള്ള ഫാക്ടറി, എന്നീ 4 കേന്ദ്രങ്ങളിലൂടെയാണ് കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരണം ആരംഭിച്ചത്.<br><br>തുടർന്ന് പച്ചത്തേങ്ങ സംഭരണം വിപുലീകരിക്കുന്നതിന്റെ ഭാഗമായി കണ്ണൂർ ജില്ലയിൽ മുഴപ്പിലങ്ങാട് പ്രാഥമിക സഹകരണ സംഘം മുഖേന കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു. കൂടാതെ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ, കേരളം (VFPCK) യുടെ 36 |

വിപണികൾ വഴിയും 2022 ജൂൺ മാസം മുതൽ പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ നീലേശ്വരം, അഗ്രികൾച്ചറിസ്റ്റ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, പള്ളിക്കര കോ-ഓപ്പറേറ്റീവ് കൺസ്യൂമർ വെൽഫെയർ സൊസൈറ്റി, ബെഡഡ്ക്ക കർഷക സർവീസ് ബാങ്ക്, കോഴിക്കോട് ജില്ലയിലെ ഏറാമല എസ്.സി ബി. പേരാമ്പ്ര വനിതാ സഹകരണ സംഘം, വടകര താലൂക്ക് പ്രൈമറി കോ-ഓപ്പറേറ്റീവ് മാർക്കറ്റിംഗ് സൊസൈറ്റി, കണ്ണൂർ ജില്ലയിലെ_ചിറ്റാരിപ്പറമ്പ് സർവീസ് സഹകരണ ബാങ്ക്, കോളാരി സർവീസ് സഹകരണ ബാങ്ക്, മൊകേരി സർവീസ് സഹകരണ ബാങ്ക്, ചെറുതാഴം സർവീസ് സഹകരണ ബാങ്ക് എന്നിവ മുഖേനയും നിലവിൽ കേരഫെഡ് നേരിട്ട് പച്ചത്തേങ്ങ സംഭരിക്കുന്നു.

മലപ്പുറം ജില്ലയിലെ ഊർങ്ങാട്ടിരി സർവ്വീസ് സഹകരണ ബാങ്ക്, മംഗലം കേര കർഷക ഫെഡറേഷൻ, തൃശ്ശൂർ ജില്ലയിലെ ഒല്ലൂർ കൃഷി സമൃദ്ധി ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാവറട്ടി കാർഷിക കർമ്മസേന, തൃശ്ശൂർ ജില്ലാ കേര സംഭരണ സംസ്കരണ വിപണന സഹകരണ സംഘം, കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക്, കൊയിലാണ്ടി താലൂക് അഗ്രി കോഓപ്പറേറ്റീവ് സൊസൈറ്റി, പേരാമ്പ്ര , വടകര മാർക്കറ്റിംഗ് കോഓപ്പറേറ്റീവ് സൊസൈറ്റി, ചാത്തൻകോട്ടുനട അഗ്രിക്കൾച്ചറിസ്റ്റ് വെൽഫെയർ കോഓപ്പറേറ്റീവ് സൊസൈറ്റി, വടകര കോഓപ്പറേറ്റീവ് റൂറൽ ബാങ്ക് എന്നി കേന്ദ്രങ്ങളിൽ നിന്നും കേരഫെഡ് പച്ചത്തേങ്ങ സംഭരണം തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

നിലവിൽ 5384 കർഷകരിൽ നിന്നും 2396 മെട്രിക് ടൺ പച്ചത്തേങ്ങ സംഭരിക്കുകയും, 5,88,18,513 രൂപ നാളികേരത്തിന്റെ വിലയായി കർഷകരുടെ അക്കൗണ്ടിൽ നൽകിയിട്ടുമുണ്ട്. ഇത്തരത്തിൽ സംഭരിക്കുന്ന പച്ചത്തേങ്ങ, കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയിലും, നടുവണ്ണൂരിലുള്ള ഫാക്ടറിയിലും ഉപയോഗിച്ചു വരുന്നു.

കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം നടത്തുന്നത്. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർ അപേക്ഷിക്കുന്ന മുറയ്ക്ക് തെങ്ങുകൃഷി ചെയ്യുന്ന

| | | | |
|---|---|---|---|
| | | | സ്ഥലത്തിന്റെ വിസ്തൃതി, തെങ്ങുകളുടെ എണ്ണം, വാർഷിക ഉല്പാദനം എന്നിവ രേഖപ്പെടുത്തിയ സാക്ഷ്യപത്രം, കൃഷി ആഫീസർ / കൃഷി ഫീൽഡ് ആഫീസർ നൽകേണ്ടതാണ്. പ്രസ്തുത സാക്ഷ്യപത്രത്തിന് ഒരു വർഷം കാലാവധി ഉണ്ടായിരിക്കും. പച്ചത്തേങ്ങ വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥാപനത്തിൽ കർഷകർ ഈ സാക്ഷ്യപത്രം നൽകി പേര് രജിസ്റ്റർ ചെയ്യേണ്ടതും അപ്രകാരം രജിസ്റ്റർ ചെയ്ത കർഷകരിൽ നിന്നും തെങ്ങ് ഒന്നിന് പരമാവധി 50 നാളികേരം (6 തവണകളായി) ഒരു വർഷം എന്ന കണക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതാണ്. |
| (സി) | തെങ്ങ് കൃഷി കൂടുതലുള്ള പഞ്ചായത്തുകളിലെല്ലാം സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിയ്ക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | നിലവിലെ മാർഗ്ഗ നിർദ്ദേശ പ്രകാരം ഓരോ ജില്ലയിലും പച്ചത്തേങ്ങ സംഭരിച്ച് കേരഫെഡിന് നൽകുന്നതിന് അടിസ്ഥാന സൗകര്യവും താത്പര്യവുമുള്ള സഹകരണ സ്ഥാപനങ്ങൾ, നാളികേര ഉത്പാദക സംഘങ്ങൾ, മറ്റ് ഏജൻസികൾ, FPOകൾ എന്നിവയിൽ നിന്നും ജില്ലാതലത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർ, സഹകരണ വകുപ്പ് ഭരണ രജിസ്ട്രാർ, കേരഫെഡ് പ്രതിനിധി എന്നിവർ ഉൾപ്പെട്ട സമിതി തിരഞ്ഞെടുത്ത് ശുപാർശ ചെയ്യുന്ന മുറയ്ക്ക് കൃഷി ഡയറക്ടർ പച്ചത്തേങ്ങ സംഭരിക്കുന്നതിനുള്ള സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുകയും തുടർന്ന് പ്രസ്തുത ഏജൻസികൾ കേരഫെഡുമായി ധാരണാ പത്രം ഒപ്പുവച്ച ശേഷം പച്ചത്തേങ്ങ സംഭരണത്തിൽ ഏർപ്പെടുന്നതുമാണ്. |

സെക്ഷൻ ഓഫീസർ